പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1880 19.06.2012-ൽ മറുപടിയ്ക്ക്

# "ഭാരത് നിർമ്മാൺ പദ്ധതി"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര വിഹിതത്തിന് പുറമേ സംസ്ഥാനത്തിന് ഏതൊക്കെ സ്ഥലങ്ങളിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തിൻെറ ആഭ്യന്തര ഉത്പാദനത്തിന് പുറമേ കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വിഹിതവും, സംസ്ഥാനത്തിനകത്തെ ഐ.പി.പി കളിൽ നിന്നുള്ള വൈദ്യുതിയും ഉപയോഗിച്ചാണ് സംസ്ഥാനത്തിൻെറ വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്. ഇത്തരത്തിലുള്ള ലഭ്യത സംസ്ഥാനത്തിൻെറ ആവശ്യകതയ്ക്ക് തികയാതെ വരുമ്പോൾ പവർ എക്സ്ചേഞ്ച്, പവർ ട്രേഡേഴ്സ് എന്നിവിടങ്ങളിൽ നിന്നും വൈദ്യുതി ലഭ്യമാക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്.<br>ജൂൺ 1 മുതൽ 13 വരെ കേന്ദ്ര വിഹിതം കൂടാതെ പവർ എക്സ്ചേഞ്ചുകളിൽ നിന്നും പ്രതിദിനം ശരാശരി 5.51 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട്.<br>ജൂൺ പതിനഞ്ചാം തീയതിക്ക് ശേഷം ട്രേഡർമാർ വഴി 4.8 ദശലക്ഷം യൂണിറ്റും പവർ എക്സ്ചേഞ്ചുകളിൽ നിന്നും പരമാവധി 4 ദശലക്ഷം യൂണിറ്റും പ്രതിദിനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) രാജ്യത്തെ ഒരു ലക്ഷം ഗ്രാമങ്ങൾ വൈദ്യുതീകരിക്കാനുള്ള "ഭാരത് നിർമ്മാൺ പദ്ധതി" കേരളത്തിൽ എവിടെയാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) ഭാരത് നിർമ്മാൺ പദ്ധതിയിൽ ഉൾപ്പെട്ട രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരമുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങൾ കേരളത്തിൽ ഇടുക്കി ജില്ലയിൽ 30-06-2010-ൽ പൂർത്തീകരിച്ചു. പാലക്കാട്, വയനാട് മലപ്പുറം, കണ്ണൂർ, കാസർകോട്, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള വൈദ്യുതീകരണ പ്രവർത്തനം നടപ്പിലാക്കിവരികയാണ്. കൂടാതെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കാനുള്ള അനുമതി കിട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.